## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4485 — 22.7.2015-ലെ മറുപടിക്ക്

### തടവുകാരെ നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | (എ) ജയിലുകളിൽ തടവുകാരെ നിരീക്ഷിക്കുന്നതിന് 'സി.സി.ടി.വി. സർവൈലൻസ്' സംവിധാനവും തടവുകാരെ പരിശോധിക്കുന്നതിന് 'മെറ്റൽ ഡിറ്റക്ടറും' ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ (നിർവ്വഹണം) ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വാർഡർമാരും, ഉന്നത ഉദ്യോഗസ്ഥരും എല്ലാ ബ്ലോക്കുകളും സെല്ലുകളും പരിശോധിക്കുന്നുണ്ട്. |
| ബി) ഇതിനായി സെല്ലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;<br><br>സി) സന്ദർശകരെയും, തടവുകാരെയും നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;<br><br>ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി)യും (സി)യും (ഡി)യും: നിലവിൽ തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകളിലും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും സി.സി.ടി.വി. സർവൈലൻസ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ജയിൽ വിയ്യൂർ, സബ് ജയിൽ വിയ്യൂർ, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, സബ് ജയിൽ ചാവക്കാട്, സ്പെഷ്യൽ സബ് ജയിൽ മൂവാറ്റുപുഴ, സബ് ജയിൽ ആലുവ, സബ് ജയിൽ മട്ടാഞ്ചേരി, സബ് ജയിൽ എറണാകുളം, സ്പെഷ്യൽ സബ് ജയിൽ തിരുവനന്തപുരം, സ്പെഷ്യൽ സബ് ജയിൽ നെയ്യാറ്റിൻകര, സബ് ജയിൽ ആറ്റിങ്ങൽ, വനിതാ ജയിൽ തിരുവനന്തപുരം, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി, സബ് ജയിൽ കണ്ണൂർ, വനിതാ ജയിൽ കണ്ണൂർ എന്നിവിടങ്ങളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ സബ് ജയിൽ കോഴിക്കോട്, സബ് ജയിൽ കൊയിലാണ്ടി, സബ് ജയിൽ വടകര, ജില്ലാ ജയിൽ മാനന്തവാടി, സ്പെഷ്യൽ സബ് ജയിൽ വൈത്തിരി, ജില്ലാ ജയിൽ ഹോസ്ദുർഗ്ഗ്, സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ് എന്നീ |

| | |
|---|---|
| | സ്ഥാപനങ്ങളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സി.സി.ടി.വി. സംവിധാനം കൂടാതെ ഏതാനും ജയിലുകളിൽ മെറ്റൽ ഡിറ്റക്ടറും ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശകരെയും, തടവുകാരെയും നിരീക്ഷിക്കാനുള്ള സൗകര്യവും സി.സി.ടി.വി. സർവൈലൻസ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ